## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T4892 — 5.2.2014-ൽ മറുപടിക്ക്

### ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചവർക്ക് സബ്സിഡി നൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ. നെല്ലിക്കുന്ന് | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |

എ) 2011-12 വർഷത്തിലെ രണ്ടാം ഘട്ടത്തിൽ ബയോഗ്യാസ്പ്ലാന്റുകൾ സ്ഥാപിച്ച വർക്കു മാത്രം സബ്സിഡി നൽകാതി രിക്കുന്നത് വിവേചനവും അനീതിയുമാ ണെന്നതിനാൽ, ഇപ്പോഴും കാര്യക്ഷമ മായി പ്രവർത്തിക്കുന്ന പ്ലാന്റുകളുടെ ഉടമകൾക്കെങ്കിലും സബ്സിഡി പൂർണ്ണ മായും അനുവദിക്കുമോ ;

എ) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ചുകൊണ്ട് വിവിധ വകുപ്പുകളെ ഏകോപിപ്പി ച്ചുകൊണ്ട് ഒരു സമ്പൂർണ്ണ ശുചിത്വ കാമ്പയിൻ 2011 ഒക്ടോബർ മാസം മുതൽ ഒരുവർഷക്കാല ത്തേക്ക് നടപ്പിലാക്കുകയുണ്ടായി. ഇതിനോടനു ബന്ധിച്ച് ഖരമാലിന്യ സംസ്ക്കരണം സ്വമേ ധയാ നടപ്പിലാക്കുന്ന സ്വകാര്യ വ്യക്തികൾക്കു ള്ള ധനസഹായം പരമാവധി 5000.00 രൂപയോ 75% മോ ഇതിലേതാണ് കുറവ് അവ നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിന്നു. ഇപ്ര കാരം നൽകുന്ന 75% തുകയിൽ 50% സർക്കാർ സബ്സിഡിയും 25% തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായുമാണ് നടത്തി വന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായ ത്തുകൾ തയ്യാറാക്കി നൽകിയിട്ടുള്ള പ്രോജക്ടു കൾക്ക് ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാ നുമതിയും അർഹമായ സാമ്പത്തിക സഹാ യവും നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ നിർവ്വഹണം തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി യാകയാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കു കയും പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തിയും നട ത്തേണ്ട ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമാണ്.

ബി) ഇത്തരം ഗാർഹിക ബയോഗ്യാസ് പ്ലാന്റു കളുടെ തുടർസർവ്വീസിംഗിന് ഏർപ്പെടു ത്തിയിട്ടുള്ള സംവിധാനമെന്താണ് ; ഓരോ ജില്ലയിലുമുള്ള സർവ്വീസിംഗ് കേന്ദ്രങ്ങളുടെ ലിസ്റ്റ് ഫോൺ നമ്പർ സഹിതം നൽകാമോ ?

ബി) ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയുടെ ഭാഗമായി വീടുകളിൽ സ്ഥാപിക്കുന്ന ബയോ ഗ്യാസ് പ്ലാന്റുകളുടെ 6 മാസക്കാലത്തെ തുടർ പ്രവർത്തനം നിരീക്ഷിക്കുകയും കുറ്റമറ്റതാക്കു ന്നതിനും ഉള്ള ഉത്തരവാദിത്തം പ്ലാന്റ് സ്ഥാപി ക്കുന്ന ഏജൻസിയുടെ ചുമതലയാണ്. ജില്ല തിരിച്ചുള്ള സർവീസിംഗ് കേന്ദ്രങ്ങൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ